(ബി) സർക്കാർ ഹാൻഡ് വിവിനടക്കം നൽകാനുള്ള കുടിശ്ശിക നൽകാതെ നെയ്ത്തു വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) കടുത്ത പ്രതിസന്ധി നേരിടുന്ന ഹാൻഡ് വിവിന് സാമ്പത്തിക സഹായം ലഭ്യമാക്കുമോ; നിലവിൽ സർക്കാർ ഹാൻഡ് വിവിന് കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ആക്ഷേപമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലും ഹാൻവീവിന് കുടിശ്ശികത്തുക നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഹാൻവീവിന് സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി

192 (1922) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്ഫെഡിന്റെ കീഴിൽ നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി മെഷീനറിയുടെ കാലപ്പഴക്കവും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുംമൂലം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇരുന്നൂറിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന പ്രസ്തുത സൊസൈറ്റി ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവത്കരണത്തിനായി 2017-18 -ൽ 10 ലക്ഷം രൂപയും 2020-21 സാമ്പത്തികവർഷം 23 ലക്ഷം രൂപയും അനുവദിച്ചുനൽകി. കൂടാതെ 2021-22 സാമ്പത്തിക വർഷം 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly